**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം- പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.സെബാസ്റ്റ്യൻ.എം.ജെ യ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാത്ത ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.461/2018/തസ്വഭവ    തിരുവനന്തപുരം, തീയതി, 16/02/2018

==========================================================================

പരാമർശം: 1) 14.6.1994 ലെ 36/94/ധന നമ്പർ സർക്കുലർ.

2) സ.ഉ(പി)നം.110/13/ധന തീയതി 01.03.2013

3) ശ്രീ.സെബാസ്റ്റ്യൻ.എം.ജെ യുടെ 10.01.2018 ലെ ശൂന്യവേതനാവധിയപേക്ഷ.

4) പഞ്ചായത്ത് ഡയറക്ടറുടെ 02.02.2018 ലെ ഇ 5-3384/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.സെബാസ്റ്റ്യൻ.എം.ജെ യ്ക്ക് 01.02.2018 മുതൽ ഒരു വർഷത്തേക്ക് ടിയാന്റെ മാതാപിതാക്കളുടെ ചികിത്സാർത്ഥം ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.സെബാസ്റ്റ്യൻ.എം.ജെ, 09.07.2007 ന് സേവനത്തിൽ പ്രവേശിച്ചു. ശ്രീ.സെബാസ്റ്റ്യൻ.എം.ജെ, ടിയാന്റെ മാതാപിതാക്കൾ ചികിത്സയിലാണെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.സെബാസ്റ്റ്യൻ.എം.ജെ യ്ക്ക് 01.02.2018 മുതൽ ഒരു വർഷത്തേക്ക് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മുൻകാല പ്രാബല്യത്തോടെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത് വി.പി**

**ഗവ. അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ.സെബാസ്റ്റ്യൻ.എം.ജെ, സീനിയർ ക്ലാർക്ക്, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(38/ഇപിഎ 1/2018/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ